ദീപിക

**18 January 2018**

# 'ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണം'

**കൊച്ചി:** കടലിൽ പോകുന്നവരുടെ വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്നു മന്ത്രി മേഴ്സിക്കുട്ടിയമ്മയുടെ സാന്നിധ്യത്തിൽ ചേർന്ന മത്സ്യത്തൊഴിലാളികളുടെയും ശാസ്ത്രജ്ഞരുടെയും പ്രത്യേക ചർച്ചയിലെ നിർദേശം ശ്രദ്ധേയമായി. രാജ്യാന്തര സഫാരി സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയുടെ ഒടുവിലാണ് ഈ നിർദേശം ഉയർന്നത്. മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നവരുടെ കൃത്യമായ കണക്കു ലഭ്യമല്ലാത്തതാണു ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ ദുഷ്കരമായത്.

ടോക്കൺ സമ്പ്രദായം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കടലിൽ പോകുന്ന തൊഴിലാളികളുടെ കണക്കു കൃത്യമായി ശേഖരിക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുമെന്നു അഭിപ്രായമുയർന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേക്കു യഥാസമയം കൃത്യമായി എത്തിക്കുന്നതിന് ആശയവിനിമയ സംവിധാനം ഏകോപിപ്പിക്കണമെന്നാണു ചർച്ചയിലെ മറ്റൊരു നിർദേശം. ഇതിനായി മത്സ്യത്തൊഴിലാളി സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്തണം.

മുന്നറിയിപ്പുകൾ മലയാളത്തിൽ നൽകണമെന്നും ആഴക്കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവർക്കും മുന്നറിയിപ്പുകൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും തീരദേശ സംരക്ഷണ സേനയിൽ മത്സ്യത്തൊഴിലാളികളെ കൂടി പങ്കാളികളാക്കണമെന്നും നിർദേശമുയർന്നു. മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന ബോട്ടുകൾ 10 ദിവസത്തിലധികം കടലിൽ ചെലവഴിക്കാൻ അനുവദിക്കരുതെന്നു മത്സ്യത്തൊഴിലാളികൾ ചർച്ചയിൽ ആവശ്യപ്പെട്ടു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മത്സ്യത്തൊഴിലാളികൾ ചർച്ചയിൽ പങ്കെടുത്തു.